## വ്യക്തിപരമായ വിശദീകരണം

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ചട്ടം 258, 307. അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചപ്പോൾ അതിനോട് പ്രതികരിച്ചുകൊണ്ട് പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ എന്നെ വ്യക്തിപരമായി അധിക്ഷേപിക്കുന്ന രീതിയിൽ വളരെ മോശമായി സംസാരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞ കാര്യം; 10 ദിവസത്തിനുശേഷം ഞാൻ 10-ാം തീയതി അവിടെ പോയി മാസ്ക് ധരിക്കണമെന്ന് പറഞ്ഞുവെന്നാണ്. ഞാൻ അദ്ദേഹത്തെ ചലഞ്ച് ചെയ്യുകയാണ്, ഞാൻ 5-ാം തീയ്യതി അവിടെപ്പോയിരുന്നു, അന്നത്തെ മീറ്റിംഗിൽ പ്രതിപക്ഷാംഗങ്ങളായ ശ്രീ. ടി. ജെ. വിനോദ്, ശ്രീമതി ഉമ തോമസ് അടക്കമുള്ള എം.എൽ.എ.-മാർ പങ്കെടുത്തിരുന്നു. പ്രതിപക്ഷനേതാവ് അന്നത്തെ മീറ്റിംഗിൽ ഉണ്ടായിരുന്നില്ല. ആരോഗ്യവിദഗ്ദ്ധർ നിർദ്ദേശിച്ച പ്രതിരോധമാണ് N-95 മാസ്ക് ധരിക്കുകയെന്നുള്ളത്. വളരെ വ്യക്തമായ തെളിവുണ്ട്, അദ്ദേഹം പറഞ്ഞത് പിൻവലിക്കണം, സഭാരേഖകളിൽ ഉണ്ടാകാൻ പാടില്ല, മാപ്പ് പറയണം.

<u>മി. സ്പീക്കർ</u>: പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

<u>ശ്രീമതി വീണാ ജോർജ്</u>: സർ, പ്രതിപക്ഷ നേതൃസ്ഥാനം ഉത്തരവാദിത്വപ്പെട്ട സ്ഥാനമാണ്. അതിപ്രഗത്ഭർ ഇരുന്ന സ്ഥാനമാണ്. അദ്ദേഹത്തിന്റെ പുറകിൽ ശ്രീ. രമേശ് ചെന്നിത്തല ഇരിക്കുന്നുണ്ടല്ലോ. എന്ത് നുണയും പറയാനുള്ള ഒരു സ്ഥാനമായി ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് അതിനെ കരുതരുത്. അന്നത്തെ മീറ്റിംഗിൽ എറണാകുളം ജില്ലയിലെ എം.എൽ.എ.-മാർക്ക് ഏതെങ്കിലും സ്ഥലത്ത് ക്യാമ്പുകൾ നിർദ്ദേശിക്കാമെന്ന് പറഞ്ഞിരുന്നു. ഇതുവരെ പ്രതിപക്ഷനേതാവ് ഒരു ക്യാമ്പും നിർദ്ദേശിച്ചതായി ഞാൻ കണ്ടിട്ടില്ല. അതുകൊണ്ട് വ്യക്തിപരമായി അധിക്ഷേപിക്കുന്ന ഈ സമീപനം മാറ്റണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: പരിശോധിച്ച് തീരുമാനിക്കാം.